# ഗവ: മോഡൽ എൽ. പി. സ്കൂൾ
# പട്ടാമ്പി

# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-2026

# ആമുഖം.

വിദ്യാലയത്തിന്റെ ഇപ്പോൾ നില നിൽക്കുന്ന പരിമിതികൾ മറികടക്കുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ളതാണ് അക്കാദമിക് മാസ്റ്റർപ്ലാൻ, "കിരണം". "കിരണം" ഞങ്ങളുടെ വിദ്യാലയം എങ്ങനെയുള്ളതായി തീരണമെന്ന് സൂചിപ്പിക്കുന്ന അക്കാദമിക് നിലവാരവും, ഭൗതിക സാഹചര്യങ്ങളും ഇതോടെ വളരെ ഉയരത്തിൽ എത്തുമെന്ന് പ്രത്യാശിക്കുന്നു. ഓരോ കുട്ടിയേയും മുന്നിൽ കണ്ടുകൊണ്ടാണ് ഞങ്ങൾ അധ്യാപകരെല്ലാം ഒത്തൊരുമയോടെ ഇതിനായി പ്രവർത്തിച്ചത്. ഓരോ വിഷയത്തിനും എന്തെല്ലാം പ്രവർത്തനങ്ങൾ നൽകണമെന്നും വരുന്ന വർഷങ്ങളിൽ എന്ത് അക്കാദമിക് ഔട്ട്പുട്ട് ഉണ്ടാകുമെന്നും സമൂഹത്തെ നേരത്തെക്കൂട്ടി ബോധിപ്പിക്കുന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ.

# സ്കൂൾ വിശദാംശങ്ങൾ

പടാഴി ഗ്രാമപഞ്ചായത്തിൽ പടാഴി ദേവി ക്ഷേത്രത്തിനു മുന്നിലായി 1906 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്.

"അമ്പലം പള്ളിക്കൂടം" എന്ന പേരിൽ ആരംഭിച്ച ഈ വിദ്യാലയം എക്കാലവും മികച്ച വിദ്യാഭ്യാസ സ്ഥാപനം എന്ന പേര് നിലനിർത്തിയിട്ടുണ്ട്. കുളക്കട സബ്ജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന മികച്ച വിദ്യാലയമെന്ന ബഹുമതി ഇന്നും ഈ വിദ്യാലയത്തിനുണ്ട്. പ്രീപ്രൈമറി ഉൾപ്പെടെ

കുട്ടികൾ ഇവിടെ പഠിക്കുന്നു. അധ്യാപകർ ഉൾപ്പെടെ 16 ജീവനക്കാർ, 15 ക്ലാസ് മുറികൾ, സ്കൂൾ പരീക്ഷാഫലം മെച്ചപ്പെട്ട രീതിയിൽ. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠന പാക്കേജുകൾ ([illegible] മലയാളം, മിഴിവ്). കുളക്കട സബ് ജില്ലയിൽ ഏറ്റവും കൂടുതൽ എൽ.എസ്.എസ് വിജയികൾ. പി.റ്റി.എ, എസ്.എസ്.കെ എന്നിവയുടെ സഹായത്തോടെ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി സ്ഥലപരിമിതിയാണ്. ഈ പരിമിതിയുടെ ഇടയിലും സമൂഹത്തിന് പ്രയോജനപ്പെടുന്ന ഒരു തലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യം നേടുന്നതിന് ധാരാളം പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നു.
അധ്യാപകരുടേയും, രക്ഷിതാക്കളുടേയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ഈ വിദ്യാലയ മുത്തശ്ശി ഇന്നും തലയുയർത്തി നിൽക്കുന്നു.

# കാഴ്ചപ്പാട്

വിദ്യാലയത്തിന്റെ അക്കാദമിക് ഭാവിയെ കുറിച്ചുള്ള കാഴ്ചപ്പാട്.

1. എല്ലാ കുട്ടികളുടേയും, എല്ലാ വൈഭവങ്ങളും അതിന്റെ പൂർണതയിലേക്ക് വികസിപ്പിക്കുക.

2. എല്ലാ കുട്ടികളും കൈവരിക്കേണ്ട ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക. കുട്ടിയുടെ അക്കാദമിക നിലവാരവും അതുവഴി സ്കൂളിന്റെ നിലവാരവും പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുക.

2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടവും അതിന്റെ പൂർണതയിൽ എല്ലാ കുട്ടികളും ആർജിക്കുക.

മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസ്ഥ ലഭ്യമാകും. അവസര തുല്യത, സാമൂഹ്യ നീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠനപരിസരവും, പഠനാന്തരീക്ഷവും വികസിക്കും.

3. രണ്ട് ഭാഷകളിലെങ്കിലും മികച്ച ആശയ വിനിമയ ശേഷി വളർത്തുക.

മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ കുട്ടികൾക്ക് അനായാസം സംസാരിക്കാനും എഴുതാനുമുള്ള ശേഷി വളർത്താനുള്ള പ്രവർത്തനങ്ങൾ നൽകുക. മികച്ച വായനാശീലം വളർത്തുക.

4. പഠനശേഷികളും, പഠന മനോഭാവങ്ങളും വളർത്തുക.

വിവിധ വിഷയങ്ങളുമായി ബന്ധിപ്പിച്ച് നടത്തുന്ന പഠനപ്രവർത്തനങ്ങളുടെ ഫലമായി അറിവ്, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ കുട്ടിയിൽ രൂപപ്പെടുത്തുക.

5. നമ്മുടെ സംസ്കാരത്തിന് യോജിച്ച മൂല്യങ്ങളും, മനോഭാവങ്ങളും വളർത്തുക.

സ്കൂൾ ചരിത്രം, പ്രാദേശിക ചരിത്രം, സംസ്കാരം ഇവ കുട്ടികളിൽ ഉൾക്കൊള്ളിക്കുക. കൃഷി, ആരോഗ്യം എന്നിവയുടെ പ്രാധാന്യം കുട്ടികളിൽ മനസിലാക്കിക്കുക.

6: ശാസ്ത്ര ചിന്ത വളർത്തുക.

ശാസ്ത്ര ചിന്ത വളർത്തുന്ന പ്രവർത്തനങ്ങൾ, ദീർഘകാലം നീണ്ട് നിൽക്കുന്ന പ്രൊജക്ട് വർക്കുകൾ, കുട്ടികൾ തമ്മിലുള്ള സൗഹൃദ ബന്ധം കൂട്ടാൻ സഹായിക്കുന്നു. മുതിർന്നവരെ ആദരിക്കൽ, പൂർവ്വ വിദ്യാർത്ഥി സംഗമം, പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കൽ, പാവപ്പെട്ട കുട്ടികൾക്ക് സഹായം തുടങ്ങിയ പദ്ധതികളിലൂടെ പരസ്പരാശ്രയത്വവും, സൗഹൃദവും വളർത്താൻ സാധിക്കും

7: മതേതര ജനാധിപത്യ ബോധമുള്ള പൗരന്മാരെ വളർത്തുക.

കുട്ടികളിൽ നാനാത്വത്തിൽ ഏകത്വം എന്ന

ആശയം വളർത്തിയെടുക്കുക. അസംബ്ലിയിൽ ജനാധിപത്യത്തിന്റെ മൂല്യങ്ങളെ പറഞ്ഞ് മനസിലാക്കുക. റിപ്പബ്ലിക് ഡേ, സ്വാതന്ത്ര്യദിനം തുടങ്ങിയ ദിനാചരണങ്ങളിൽ എല്ലാ കുട്ടികൾക്കും ഒരേ പരിഗണന നൽകുക. ദേശഭക്തിഗാനങ്ങൾ, മഹാന്മാരുടെ ചരിത്രങ്ങൾ എന്നിവ ബോധ്യപ്പെടുത്തുക.

8. എല്ലാത്തരം വിവേചനങ്ങൾക്കും എതിരായ മനോഭാവം വളർത്തുക.

കുട്ടികളിലെ അവകാശ പത്രിക സ്കൂളിൽ പ്രദർശിപ്പിക്കുക. ആൺ-പെൺ വിവേചനങ്ങൾ ഇല്ലാത്തതും, തുല്യ അവസരം പ്രദാനം ചെയ്യുന്നതുമായ ശരിയായ കാഴ്ചപ്പാട് രൂപീകരിക്കുന്ന ക്ലാസുകൾ ഒരുക്കുക. ജാതി, മത ചിന്തകൾക്കതീതമായ മാനവിക ബോധം വളർത്തിയെടുക്കുക.

9: പാരിസ്ഥിതിക അവബോധം വളർത്തുക.

പൂർണമായും പ്ലാസ്റ്റിക് നിരോധിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക. സസ്യ സംരക്ഷണത്തിന് കുട്ടികൾക്ക് അവസരം നൽകുക, ജല ദുർവ്യയം തടയുക. പരിസ്ഥിതി സ്നേഹം കുട്ടികളിൽ വളർത്തുക. പ്രകൃതി സ്നേഹം വളർത്തുക.

# പശ്ചാത്തലം

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി സ്കൂളിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഒരു മാർഗരേഖ ആവശ്യമായി വന്നു. വിദ്യാലയം ഭാവിയിൽ എങ്ങനെയായി തീരണമെന്ന് വിഭാവനം ചെയ്ത് അതിനായി ഏറ്റെടുക്കുന്ന അക്കാദമിക ദൗത്യത്തെ വിവരിക്കുന്ന രേഖയാണിത്. നിലവിലുള്ള സ്കൂൾ വികസന പദ്ധതിയുടെ പോരായ്മകൾ പരിഹരിച്ച് സമഗ്രവിദ്യാലയ വികസനം എന്ന ലക്ഷ്യത്തിലെത്താൻ വേണ്ടിയുള്ള ആസൂത്രണത്തിന്റെ ആവശ്യകത അനിവാര്യമാണ്. ഒരു വിദ്യാർത്ഥിയെ നല്ല നിലവാരത്തിലെത്തിക്കാൻ പാഠ്യപദ്ധതിയുടെ വിനിമയത്തിലുപരി കുട്ടിയുടെ സാമൂഹികവും, ഭൗതികവുമായ പശ്ചാത്തലം ഒരുക്കേണ്ടതാണ്.

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പുവരുത്തുക.
* ഓരോ കുട്ടിയിലുമുള്ള കഴിവ് കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക
* കുട്ടിക്ക് മികവാർന്ന ഭൗതികസാഹചര്യവും പഠനാന്തരീക്ഷവും ഒരുക്കിക്കൊടുക്കുക.
* ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതികസൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
* മുഴുവൻ ക്ലാസുകളിലും ഐ.സി.ടി. സാധ്യത ഉറപ്പുവരുത്തുക
* പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുക.
* ഗവേഷണാത്മക അധ്യയനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കുക.
* പഠനപിന്നാക്ക അവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ പഠനപിന്തുണ ഉറപ്പാക്കുക.
* ലഘുപഠനയാത്രകൾ, ശില്പശാലകൾ തുടങ്ങിയവ നടത്തുക
* പുതുതലമുറയിൽ കൃഷിയോടുള്ള താത്പര്യം വളർത്തുക.

* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസലിംഗ് സൗകര്യം ഒരുക്കുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കാനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കാനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാ
* കുട്ടികളിൽ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായികപ്രവർത്തനങ്ങൾ നടപ്പിലാക്ക

2025 - 26 വർഷത്തിലെ പ്രധാന പ്രവർത്തനങ്ങൾ

* പ്രവേശനോത്സവം വിപുലമായ രീതിയിൽ
* ദിനാചരണങ്ങൾ വിപുലമായ രീതിയിൽ
വ്യത്യസ്ത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
* ശാസ്ത്രക്ലബ്ബ്, ഗണിതക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്
Work Experience Club പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക.
* Health club, ശുചിത്വക്ലബ്ബ് പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* ഹരിത വിദ്യാലയം എന്ന ആശയം നിലനിർത്തുക.
* "പ്ലാസ്റ്റിക് രഹിത വിദ്യാലയം"
* സ്കൂൾ സുരക്ഷാ ക്ലബ്ബ് രൂപീകരണം
* "എല്ലാ കുട്ടികളും എഴുത്തും വായനയും അറിയുക" എന്ന തനത് പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കുക.
* നല്ലപാഠം ക്ലബ്ബിന്റെ പ്രവർത്തനം ആരംഭിക്കുക.
* കോർണർ പിടിഎകൾ സംഘടിപ്പിക്കുക.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

### അക്കാദമികം

* മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ കഴിയുന്നില്ല.
* ഭിന്നനിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
* പത്ത് ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
* ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
* വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.

* ### ഭൗതികം

* ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
* മഴ പെയ്യുമ്പോൾ വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ പരിഹരിക്കാൻ പൂർണമായും കഴിഞ്ഞിട്ടില്ല.
* സ്കൂൾ ലൈബ്രറിയുടെ സ്ഥലപരിമിതി.
* കലാ കായിക പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.

അധ്യാപകരും വിവരങ്ങളും

1. മുഹമ്മദ് കബീർ - HM
2. മഞ്ജു. P. K - സീനിയർ അസിസ്റ്റന്റ് സ്റ്റാഫ് സെക്ര
3. രശ്മി. V. R - SRG Convenor.
4. രാജി. T. C
5. അഞ്ജു
6. അനില
7. ശ്രീജ
8. അനു
9. മുഹമ്മദ് ഷെരീഫ്
10. ആശ } - Pre-primary Teachers.
11. ശശിലേഖ }

Muhammed Ashref - PTCM

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

## - മലയാളം, ഇംഗ്ലീഷ്

* മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയ ഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
* ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മകരചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.

## ഗണിതം

* ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.
* മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക.

## പരിസരപഠനം

* പരീക്ഷണ - നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.

## കലാകായിക - പ്രവൃത്തിപഠനങ്ങൾ

മറ്റ് വിഷയങ്ങളുമായി ഉൾച്ചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളെയും ഭാഷയിലെയും ഗണിതത്തിലെയും പരിസരപഠനത്തിലെയും പഠനനേട്ടങ്ങൾ പൂർണമായും കാര്യക്ഷമമായും നേടിയവരാക്കുക.

മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായികക്ഷമത ഉറപ്പാക്കാൻ എയ്റോബിക് എക്സർസൈസ് ഉറപ്പാക്കുക.

സഹജീവിസ്നേഹം, അലിവ്, ആർദ്രത സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക. ഗുണപാഠ കഥകൾ, സാൻമാർഗിക കഥകൾ എന്നിവ നൽകുക.

ആധുനിക കാലഘട്ടത്തിൽ ജീവിക്കാനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി മുഴുവൻ കുട്ടികളെയും അറിവ് നിർമാണത്തിൽ കഴിവുള്ളവരാക്കുക.

എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ച് കൊണ്ട് പഠനപ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം, ലിംഗനീതി, സമത്വം ഇവ ഉറപ്പാ

## പ്രവൃത്തി പരിചയം

* പ്രാദേശികമായി ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലിപ്പിക്കൽ
* തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിനാവശ്യമായ പരിശീലനം നൽകുകയും ചെയ്യുക.

## ഭിന്നശേഷിനിലവാരക്കാർ

* ആദ്യമാസത്തിൽ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിയിലുള്ള കുട്ടികളെ കണ്ടെത്തുന്നു.
* റിസോഴ്സ് ടീച്ചറിന്റെ സേവനം പ്രയോജനപ്പെടുത്തുക
* ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക
* പ്രത്യേക TM തയ്യാറാക്കുക.
* സ്കൂളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുക.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടികളിൽ മൂല്യബോധം വളർത്താൻ നടപ്പിലാക്കുന്ന കാര്യങ്ങൾ

* സ്കൂളിനെ അറിയാനും അന്യോന്യം അറിയാനുമുള്ള അവസരം നൽകൽ
* അവധിക്കാല അനുഭവം പങ്കുവെയ്ക്കൽ
* റോഡിലൂടെ സഞ്ചാരം, റെയിൽ മുറിച്ച് കടക്കുമ്പോൾ, ജലപാത ഉപയോഗം, സ്കൂൾ വാഹന ഉപയോഗം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
* വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം
* പോഷണം, വ്യായാമം, ശുചിത്വം, നല്ല ഉറക്കം മനസ്സിന്റെ സന്തോഷം, ആരോഗ്യശീലങ്ങൾ-ച്ച ബോധവൽക്കരണം
* പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും ബോധ്യപ്പെടുത്തൽ
* പരസ്പരസഹകരണത്തിന്റെ പ്രാധാന്യം
  – റോൾപ്ലേ